LIBRARY ARCHIVES Kerala Legislative Assembly

ഇന്ധനവില വർദ്ധനവുമൂലമുള്ള ബുദ്ധിമുട്ടുകൾ

*14 [287] ശ്രീ. പി. നാരായണൻ:
" ബിനോയ് വിശ്വം:
" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില വർദ്ധനവുമൂലം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) 16-6-2004-ൽ കേന്ദ്ര സർക്കാർ ഇന്ധനവില വർദ്ധിപ്പിച്ചതിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുകമ്പോളത്തിൽ അവശ്യസാധനങ്ങളുടെ വിലയിൽ ചില്ലറ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുള്ളതല്ലാതെ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനാൽ കമ്പോളത്തിലെ അനിയന്ത്രിതമായ വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട്.

ഖരമാലിന്യ സംസ്ക്കരണം

*15 [288] ശ്രീ. എൻ ശക്തൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ സംസ്കരണത്തിന് എത്ര ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും പദ്ധതികളുണ്ടാക്കിയിട്ടുണ്ട്;

(ബി) ഇവയുടെ പദ്ധതികൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഖരമാലിന്യ സംസ്ക്കരണത്തിന്, 17 ഗ്രാമപഞ്ചായത്തുകളും 8 നഗരസഭകളും ഒരു കോർപ്പറേഷനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ സാങ്കേതികമായി പൂർണ്ണമായും അംഗീകരിക്കപ്പെട്ടിട്ടില്ല.

(സി) സമർപ്പിച്ച പദ്ധതിയിലെ സാങ്കേതിക പോരായ്മകൾ പരിഹരിച്ച് ജൂലൈ മാസത്തിൽത്തന്നെ പദ്ധതികൾ സമർപ്പിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതാണ്.

ഇലക്ട്രിസിറ്റി ബോർഡിൽ മൊബൈൽ പരിഹാര സെൽ

*16 [289] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
ഡോ. തോമസ് ഐസക്:
ശ്രീ. പി. ജയരാജൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിൽ തടസ്സമുണ്ടാകുമ്പോൾ തകരാർ അടിയന്തിരമായി പരിഹരിക്കാൻ മൊബൈൽ പരിഹാര സെൽ സ്ഥാപിക്കുവാൻ ഇലക്ട്രിസിറ്റി ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സെല്ലിന്റെ സേവനം ലഭ്യമാക്കുന്നതിന് പ്രത്യേക ചാർജ്ജ് ഈടാക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഓരോ സെക്ഷൻ അതിർത്തിയിലും എത്ര മൊബൈൽ പരിഹാര സെല്ലുകൾ രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) ഈ ആവശ്യത്തിന് എത്ര പുതിയ വാഹനങ്ങളും മൊബൈൽ ഫോണുകളും സജ്ജീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഇ) നിലവിലുള്ള സംവിധാനം, തകരാറുകൾ പരിഹരിച്ചുകൊടുക്കാൻ പര്യാപ്തമല്ലാതായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) മൊബൈൽ പരാതി പരിഹാരസെൽ എന്തെല്ലാം സംവിധാനങ്ങളോട് കൂടിയായിരിക്കും നടപ്പാക്കുക എന്ന് വിശദമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സെക്ഷൻ തിരിച്ചല്ല പരാതി പരിഹാരസെൽ പ്രവർത്തിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരം സിറ്റിയിലും കൊല്ലം സിറ്റിയിലുമാണ് ഈ സംവിധാനമുള്ളത്. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മറ്റു നഗര പ്രദേശങ്ങളിലേയ്ക്കും ഈ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly